# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൂയപ്പള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P6/1684/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 07/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂയപ്പള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P6/1684/21 തീയ്യതി: 07/07/2022

## കൊല്ലം ജില്ലയിലെ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. അമ്പിളി എം .ഡി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 11-10-2021 | 28-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-10-2021 | 28-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ശശിജോഷ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി. മഞ്ജുളാസാഗർ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി. ഷീജ.ആർ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ. ശ്രീകുമാർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഹംസറാവുത്തർ എസ്.എം | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി.ജെസ്സി റോയി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.അനൂപ് കുമാർ.വി | സെക്രട്ടറി | 01-04-2020 | 12-05-2020 |
| ശ്രീ.ബിനു.പി.എൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-05-2020 | 10-06-2020 |
| ശ്രീ.രാജേഷ് കുമാർ.ആർ | സെക്രട്ടറി | 11-06-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബിനു.പി.എൽ | അസി.സെക്രട്ടറി | 01-04-2020 | 02-03-2021 |
| ശ്രീമതി.സുനിത.ബി | അസി.സെക്രട്ടറി ഇൻ ചാർജ് | 03-03-2021 | 31-03-2021 |
| ശ്രീമതി.അനുപമ പി.ആർ | അസിസ്റ്റൻറ് എഞ്ചിനീയർ | 01-04-2020 | 30-06-2020 |
| ശ്രീ.സൈജു.ഒ | അസിസ്റ്റൻറ് എഞ്ചിനീയർ | 01-07-2020 | 31-03-2021 |
| ശ്രീമതി.മിനികുമാരി.പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീമതി.ബീന.ജി.ആർ | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീമതി.ഉഷാറാണി.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.വിപിൻ.എ | മെഡിക്കൽ ഓഫീസർ. (എഫ്.എച്ച്.സി) | 01-04-2020 | 31-03-2021 |
| ശ്രീമതി.ദിവ്യ.എസ്.എൽ | കൃഷി ഓഫീസർ | 01-04-2020 | 19-05-2020 |
| ശ്രീമതി.നബീല.കെ | കൃഷി ഓഫീസർ | 20-05-2020 | 08-10-2020 |
| ശ്രീമതി.ദിവ്യ.എസ്.എൽ | കൃഷി ഓഫീസർ | 09-10-2020 | 31-03-2021 |
| ശ്രീമതി.മാലിനി.കെ | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.ശശികല എസ് കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 23-12-2020 |
| ശ്രീ.സുധീഷ് കുമാർ എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 24-12-2020 | 27-02-2021 |
| ശ്രീമതി.ശശികല എസ് കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 28-02-2021 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ. ശ്രീജിത്ത് | വി.ഇ.ഒ. (കൊട്ടറ സർക്കിൾ) | 01-04-2020 | 01-06-2020 |
| ശ്രീ. സുഭാഷ് | വി.ഇ.ഒ. (കൊട്ടറ സർക്കിൾ) | 02-06-2020 | 08-07-2020 |
| ശ്രീ. പ്രദീപ് കുമാർ | വി.ഇ.ഒ. (കൊട്ടറ സർക്കിൾ) | 09-07-2020 | 31-03-2021 |
| ശ്രീമതി. ആരതി | വി.ഇ.ഒ. (മരുതമൺ സർക്കിൾ) | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sreekumar.S (Auditor, On 22-10-2021)<br>Last Updated By: Santhosh N (Computer Assistant, On 25-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Manjula Sagar (Asst. Audit Officer, On 27-10-2021)<br>Last Updated By: Santhosh N (Computer Assistant, On 25-06-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക -അപാകതകൾ<br>Written By: Manjula Sagar (Asst. Audit Officer, On 02-11-2021)<br>Last Updated By: Santhosh N (Computer Assistant, On 27-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Manjula Sagar (Asst. Audit Officer, On 27-10-2021)<br>Last Updated By: Santhosh N (Computer Assistant, On 06-07-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Manjula Sagar (Asst. Audit Officer, On 02-11-2021)<br>Last Updated By: Santhosh N (Computer Assistant, On 25-06-2022) | 1-4 |
| 6 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്<br>Written By: Manjula Sagar (Asst. Audit Officer, On 04-11-2021)<br>Last Updated By: Santhosh N (Computer Assistant, On 25-06-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Sreekumar.S (Auditor, On 22-10-2021)<br>Last Updated By: Santhosh N (Computer Assistant, On 25-06-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: A.Sasijosh (Audit Officer, On 17-10-2021)<br>Last Updated By: Santhosh N (Computer Assistant, On 25-06-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Sreekumar.S (Auditor, On 17-10-2021)<br>Last Updated By: Santhosh N (Computer Assistant, On 06-07-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Sreekumar.S (Auditor, On 17-10-2021)<br>Last Updated By: Santhosh N (Computer Assistant, On 25-06-2022) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Manjula Sagar (Asst. Audit Officer, On 02-11-2021)<br>Last Updated By: Santhosh N (Computer Assistant, On 06-07-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: R.Sheeja (Asst. Audit Officer, On 31-10-2021)<br>Last Updated By: Santhosh N (Computer Assistant, On 25-11-2021) | 1-10 |
| 13 | വസ്തുനികുതിയുടെ പരിധിയിലേക്ക് മുഴവൻ കെട്ടിടങ്ങളേയും കൊണ്ടുവരുന്നില്ല<br>Written By: Sreekumar.S (Auditor, On 02-11-2021)<br>Last Updated By: Santhosh N (Computer Assistant, On 25-06-2022) | 1-11 |
| 14 | വസ്തുനികുതി പോസ്റ്റിംഗിൽ ക്രമക്കേടുകൾ - പഞ്ചായത്തുഫണ്ടിനു നഷ്ടം<br>Written By: Sreekumar.S (Auditor, On 01-11-2021)<br>Last Updated By: Santhosh N (Computer Assistant, On 27-06-2022) | 1-12 |
| 15 | നിലവിലില്ലാത്ത ഓഡിനറി ബൾബുകൾക്ക് കറന്റ് ചാർജ് നൽകുന്നു<br>Written By: R.Sheeja (Asst. Audit Officer, On 31-10-2021)<br>Last Updated By: Santhosh N (Computer Assistant, On 25-06-2022) | 1-13 |
| 16 | സ്മാർട്ട് അംഗനവാടികൾ - ടെണ്ടർ നടപടികൾ കൂടാതെ സാധനങ്ങൾ വാങ്ങി<br>Written By: R.Sheeja (Asst. Audit Officer, On 31-10-2021)<br>Last Updated By: Santhosh N (Computer Assistant, On 25-06-2022) | 1-14 |
| 17 | ക്ഷീര സംഘത്തിൽ നൽകുന്ന പാലിന്റെ അളവിനെ ആധാരമാക്കി സബ്സിഡി നൽകണമെന്നിരിക്കെ ഗുണഭോക്താവിന് രേഖപ്പെടുത്തിയ | 1-15 |

| | | |
|---|---|---|
| | പാലിന്റെ അളവിനേക്കാൾ അധികമായിസബ്സിഡി നൽകിയതിലൂടെ 58860/- രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും നഷ്ടമായി.<br>Written By: R.Sheeja (Asst. Audit Officer, On 28-10-2021)<br>Last Updated By: Santhosh N (Computer Assistant, On 27-06-2022) | |
| 18 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: R.Sheeja (Asst. Audit Officer, On 28-10-2021)<br>Last Updated By: Santhosh N (Computer Assistant, On 25-06-2022) | 1-16 |
| 19 | മരുന്ന്/ഉപകരണങ്ങൾ വാങ്ങുന്ന പ്രോജക്ടുകൾ - മരുന്നും ഉപകരണങ്ങളും പൂർണ്ണമായും ലഭിച്ചിട്ടില്ല<br>Written By: R.Sheeja (Asst. Audit Officer, On 28-10-2021)<br>Last Updated By: Santhosh N (Computer Assistant, On 27-06-2022) | 1-17 |
| 20 | അനുവദനീയമായതിലും അധികം സബ്സിഡി നൽകി<br>Written By: Manjula Sagar (Asst. Audit Officer, On 29-10-2021)<br>Last Updated By: Santhosh N (Computer Assistant, On 27-06-2022) | 1-18 |
| 21 | വനിതാ ഘടകപദ്ധതിയിൽ പുരുഷൻമാർ ഉൾപ്പെട്ടു- പദ്ധതി മാർഗ്ഗരേഖകളിൽ നിന്നുള്ള വ്യതിചലനം<br>Written By: Manjula Sagar (Asst. Audit Officer, On 29-10-2021)<br>Last Updated By: Santhosh N (Computer Assistant, On 27-06-2022) | 1-19 |
| 22 | സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല<br>Written By: Manjula Sagar (Asst. Audit Officer, On 29-10-2021)<br>Last Updated By: Santhosh N (Computer Assistant, On 25-06-2022) | 1-20 |
| 23 | കംപ്യൂട്ടറിനും അനുബന്ധ ഉപകരണങ്ങൾക്കും എ.എം.സി. - രജിസ്റ്ററിൽ വിശദാംശങ്ങൾ ലഭ്യമല്ല.<br>Written By: Manjula Sagar (Asst. Audit Officer, On 29-10-2021)<br>Last Updated By: Santhosh N (Computer Assistant, On 27-06-2022) | 1-21 |
| 24 | മൊബൈൽ ടവറിന്റെ വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത<br>Written By: Sreekumar.S (Auditor, On 02-11-2021)<br>Last Updated By: Santhosh N (Computer Assistant, On 27-06-2022) | 1-22 |
| 25 | വസ്തുനികുതി നിർണ്ണയിക്കാതെ മൊബൈൽ ടവർ പ്രവർത്തിക്കുന്നു<br>Written By: Sreekumar.S (Auditor, On 02-11-2021)<br>Last Updated By: Santhosh N (Computer Assistant, On 06-07-2022) | 1-23 |
| 26 | ഹോമിയോ - മരുന്നുകൾ ലഭ്യമായിട്ടില്ല.<br>Written By: Sreekumar.S (Auditor, On 02-11-2021)<br>Last Updated By: Santhosh N (Computer Assistant, On 27-06-2022) | 1-24 |
| 27 | ടെണ്ടർ ക്ഷണിക്കാതെ KAICOയിൽ നിന്നും നടീൽ വസ്തുക്കളും വളങ്ങളും വാങ്ങി<br>Written By: Sreekumar.S (Auditor, On 02-11-2021)<br>Last Updated By: Santhosh N (Computer Assistant, On 27-06-2022) | 1-25 |
| 28 | ഏറോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ കൈമാറി നൽകിയിട്ടില്ല,പ്രവൃത്തി മൂല്യനിർണയത്തിൽ പിഴവുകൾ.<br>Written By: A.Sasijosh (Audit Officer, On 05-11-2021)<br>Last Updated By: Santhosh N (Computer Assistant, On 27-06-2022) | 1-26 |
| | **ഭാഗം 2** | |
| 1 | മൊബൈൽ ടവറിന്റെ വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത<br>Written By: Santhosh N (Computer Assistant, On 27-06-2022)<br>Last Updated By: Santhosh N (Computer Assistant, On 27-06-2022) | 2-1 |
| | **ഭാഗം 3** | |
| 1 | ക്ഷീര സംഘത്തിൽ നൽകുന്ന പാലിന്റെ അളവിനെ ആധാരമാക്കി സബ്സിഡി നൽകണമെന്നിരിക്കെ ഗുണഭോക്താവിന് രേഖപ്പെടുത്തിയ | 3-1 |

| | | |
|---|---|---|
| | പാലിന്റെ അളവിനേക്കാൾ അധികമായിസബ്സിഡി നൽകിയതിലൂടെ 58,860/- രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും നഷ്ടമായി.<br>Written By: R.Sheeja (Asst. Audit Officer, On 28-10-2021)<br>Last Updated By: Santhosh N (Computer Assistant, On 06-07-2022) | |
| 2 | അനുവദനീയമായതിലും അധികം സബ്സിഡി നൽകി<br>Written By: R.Sheeja (Asst. Audit Officer, On 02-11-2021)<br>Last Updated By: Santhosh N (Computer Assistant, On 06-07-2022) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: R.Sheeja (Asst. Audit Officer, On 17-10-2021)<br>Last Updated By: Santhosh N (Computer Assistant, On 27-06-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: R.Sheeja (Asst. Audit Officer, On 17-10-2021)<br>Last Updated By: Santhosh N (Computer Assistant, On 27-06-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: R.Sheeja (Asst. Audit Officer, On 27-10-2021)<br>Last Updated By: Santhosh N (Computer Assistant, On 27-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: R.Sheeja (Asst. Audit Officer, On 17-10-2021)<br>Last Updated By: Santhosh N (Computer Assistant, On 27-06-2022) | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ്<br>Written By: Manjula Sagar (Asst. Audit Officer, On 04-11-2021)<br>Last Updated By: Santhosh N (Computer Assistant, On 27-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: R.Sheeja (Asst. Audit Officer, On 17-10-2021)<br>Last Updated By: Santhosh N (Computer Assistant, On 27-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: R.Sheeja (Asst. Audit Officer, On 17-10-2021)<br>Last Updated By: Santhosh N (Computer Assistant, On 27-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sreekumar.S (Auditor, On 27-10-2021)<br>Last Updated By: Santhosh N (Computer Assistant, On 27-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: R.Sheeja (Asst. Audit Officer, On 17-10-2021)<br>Last Updated By: Santhosh N (Computer Assistant, On 27-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: R.Sheeja (Asst. Audit Officer, On 28-10-2021)<br>Last Updated By: Santhosh N (Computer Assistant, On 06-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: R.Sheeja (Asst. Audit Officer, On 17-10-2021)<br>Last Updated By: Santhosh N (Computer Assistant, On 06-07-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

25.03.20 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 19.02.21 തീയതിയിലെ 8(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.21 | 23.06.21 | - | - |

### 1-2-1 വാർഷിക ധനകാര്യ പത്രിക -അപാകതകൾ

1. ബി-18 വാട്ടർ ഡെപ്പോസിറ്റ് ഇനത്തിൽ 5,000/-രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക അഡ്വാൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. സംയുക്ത പ്രോജക്റ്റുകളുടെ വരവ്-ചെലവ് തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.
2. ആസ്തി രജിസ്റ്ററിൽ ആകെ ആസ്തികളുടെ മൂല്യം കണക്കാക്കിയിട്ടില്ല.
3. 2018-19 വർഷം B-11 ഷെഡ്യൂൾ പ്രകാരം Roads -Tarred (410300102) ഇനത്തിൽ 7,92,280/-രൂപയാണുള്ളത്. 2019-20 ൽ ഈ ഇനത്തിൽ 2,792,280/-രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 20 ലക്ഷം രൂപയുടെ റോഡ് ടാർ പണി നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാരക്കിയിട്ടില്ല.
4. വികസന ഫണ്ട് (ജനറൽ), (എസ്.സി.പി), ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്), (റോഡ്) എന്നിവ എ.സി.ആറും വാർഷിക ധനകാര്യ പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
5. സ്റ്റെയിൽ ചെക്ക് ഇനത്തിൽ ചുവടെ പരാമർശിക്കുന്ന ചെക്കുകൾ ഉൾപ്പെട്ടു കാണുന്നില്ല.

T.S.B A/C-Joint Venture

| ചെക്ക് നം./തീയതി | തുക (രൂപ) |
|---|---|
| 3449658/30.10.2019 | 9,629/- |
| 3449659/30.10.2019 | 5,234/- |
| 344964/19.9.2019 | 23,923/- |
| 3449656/29.10.2019 | 6,38,450/- |

D. C. B. A/C

| ചെക്ക് നം./തീയതി | തുക (രൂപ) |
|---|---|
| 14788/13.3.2020 | 350/- |
| 32622/9.6.2020 | 750/- |
| 305539/6.11.2019 | 1,562/- |
| 305539/6.11.2019 | 880/- |

6. 2019-20 വർഷം എസ്. 081/20, എസ്.0162/20 എന്നീ മരാമത്ത് പ്രവർത്തികളിൽ യഥാക്രമം 8,05,373/-, 6,38,450/- എന്നീ തുകകൾ പാർട്ട് ബിൽ ഇനത്തിൽ മാറിയിട്ടുണ്ട്. എന്നാൽ B-11 (A)

ഷെഡ്യൂളിൽ കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് 0 ആയി രേഖപ്പെടുത്തിയിരിക്കുന്നു.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹ 1,94,28,228.52 |
| വരവ് | ₹ 7,62,70,423/- |
| ആകെ | ₹ 9,56,98,651.52 |
| ചെലവ് | ₹ 7,59,00,421/- |
| നീക്കിയിരിപ്പ് | ₹ 1,97,98,230.52 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ 1,10,860/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ 4,15,110/- |

1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 1,55,16,913/- | 1,55,16,913/- | 14,67,804/- | 8,38,309/- |
| വികസന ഫണ്ട്-എസ്.സി.പി. (ACR പ്രകാരം) | 0 | 96,17,634/- | 96,17,634/- | 75,21,875/- | 20,95,659/- |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 8,27,30,000/- | 8,27,30,000/- | 82,71,079/- | 1,921/- |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 44,30,000/- | 44,30,000/- | 37,69,701/- | 6,60,299/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Untied (ACR പ്രകാരം) | 0 | 98,59,242/- | 98,59,242/- | 81,99,269/- | 16,59,973/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Tied (ACR പ്രകാരം) | 0 | 55,70,000/- | 55,70,000/- | 6,91,829/- | 48,78,171/- |
| സാക്ഷരത | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | 1,583/- | 69/- | 1,652/- | 0 | 1,652/- |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2,904/- | 20,04,725/- | 20,07,629/- | 20,01,208/- | 6,421/- |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | |
| റ്റി.എസ്.സി. | 7,23,950/- | 0 | 7,23,950/- | 0 | 7,23,950/- |
| ഐ.സി.ഡി.എസ്. | 12,55,520/- | 7,15,588/- | 19,71,108/- | 45,4,296/- | 15,16,812/- |

| | | | | | |
|---|---|---|---|---|---|
| ശുചിത്വമിഷൻ ഫണ്ട് | 3,41,057/- | 18,74,885/- | 22,15,942/- | 6,52,357/- | 15,63,585/- |
| ലൈബ്രറി ഗ്രാന്റ് | - | 20,050/- | 20,050/- | - | 20,050/- |
| വിമുക്തി | | | | | |
| മറ്റിനം | | | | | |

1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ്

ഗ്രാന്റ് സ്റ്റേറ്റ്മെന്റും വാർഷിക ധനകാര്യപത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 202 | 12,71,76,436/- | 132 | 5,63,16,851/- | 22 | 48 | 44.28 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2,904/- | 20,04,725/- | 20,07,629/- | 20,01,208/- | 6,421/- |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 3,74,59,643/- | 3,74,59,643/- | 3,74,59,643/- | - |

1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 19,080/- | 55 |
| കർഷകതൊഴിലാളി പെൻഷൻ | 2,654,900/- | 195 |
| വിധവാപെൻഷൻ | 16,343,000/- | 1193 |
| വാർദ്ധക്യകാലപെൻഷൻ | 24,643,100/- | 2162 |
| വികലാംഗപെൻഷൻ | 5,392,300/- | 375 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 60,000/- | 2 |
| അവിവാഹിതരായ 50 വയസിനു മുകളിലുള്ളവരുടെ പെൻഷൻ | 454,900/- | 38 |

1-7-1 ബാങ്ക് അക്കൗണ്ട് വഴി വി തരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറു മരണശേഷവും വിതരണം നടത്തുന്നു .

ഗ്രാമ പഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും പെൻഷണറുടെ മരണ ശേഷവും അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. 2019-20, 2020-21 എന്നീ വർഷങ്ങളിൽ മരണം രജിസ്റ്റർ ചെയ്തവരുടെയും

പെൻഷൻ സസ്പെന്റ് ചെയ്തവരുടെയും ലിസ്റ്റിൽ നിന്നും ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐഡി നം. | മരിച്ച തീയതി | അനർഹമായ കാലയളവ് | വിതരണം ചെയ്ത തുക (₹) |
|---|---|---|---|---|---|---|
| 1 | മത്തായിക്കുട്ടി | വാർദ്ധക്യകാല പെൻഷൻ | 1103380200394 | 19-02-2020 | 2020 ഏപ്രിൽ മുതൽ 2021 മാർച്ച് വരെ | 18,000/- |
| 2 | തങ്കമ്മ | വിധവ പെൻഷൻ | 103380600223 | 01-01-2020 | 2020 ഏപ്രിൽ മുതൽ 2020 സെപ്തംബർ വരെ | 7,900/- |
| 3 | തങ്കമ്മ | വിധവ പെൻഷൻ | 103380600650 | 11-02-2020 | 2020 ഏപ്രിൽ മുതൽ 2021 മാർച്ച് വരെ | 16,600/- |
| 4 | രാജേന്ദ്രൻ | വാർദ്ധക്യകാല പെൻഷൻ | 103380201408 | 20-01-2020 | 2020 ഏപ്രിൽ മുതൽ 2021 സെപ്തംബർ വരെ | 4,800/- |

ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാരുടെ പേരിൽ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിരിക്കാനുള്ള സാധ്യതയുണ്ട്. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതാണ്. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർ മരണപ്പെടുന്നത് അവർ താമസിക്കുന്ന തദ്ദേശ സ്ഥാപന പരിധിയിലല്ലെങ്കിൽ മരണ വിവരം യഥാസമയം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം അറിയുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണ്. പിന്നീട് സ്ഥാപനം മരണവിവരം അറിഞ്ഞു വരുമ്പോഴേക്കും നിരവധി മാസങ്ങളിലെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടാകും. മുമ്പ് ആധാർ അധിഷ്ഠിത മരണ രജിസ്ട്രേഷൻ പ്രാബല്യത്തിൽ ഉണ്ടായിരുന്നെങ്കിലും പഞ്ചായത്ത് ഡയറക്ടറുടെ 19-10-2019ലെ ബി 1/30277/2017 സർക്കുലർ പ്രകാരം ആയത് നിർബന്ധമല്ലാതാക്കിയിട്ടുണ്ട്. നിലവിൽ പ്രതിവർഷ മസ്റ്ററിംഗ് മാത്രമാണ് പെൻഷണറുടെ മരണം കണ്ടെത്താനുള്ള ഏക മാർഗ്ഗം. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർക്കെങ്കിലും ആധാർ അധിഷ്ഠിത മരണ സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതിലെ പ്രാധാന്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഗുണഭോക്താക്കളുടെ മരണശേഷം അക്കൗണ്ടിലേക്ക് അനുവദിച്ച പെൻഷൻ തുക 47,300/-രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-10-2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 707/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നുണ്ട്. മാനുവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ട ചുമതലയുള്ളവർ കർത്തവ്യം നിർവ്വഹിക്കുന്നു. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് ആവശ്യമായ

നിർദ്ദേശങ്ങളോടും വിമർശനങ്ങളോടും കൂടി അംഗീകരിക്കുന്നു. പഞ്ചായത്തിന്റെ പരിധിയിൽ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്ന രീതി അനുവർത്തിച്ചിട്ടില്ല. ഈ ഇനത്തിലുള്ള വരുമാനസാദ്ധ്യതകൾകൂടി പരിശോധിക്കേണ്ടതാണ്. ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്റർ കൂടുതൽ കൃത്യതയുള്ളതാക്കേണ്ടതാണ്. റോഡ്കണക്റ്റിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല എന്ന അപര്യാപ്തതയും നിലനിൽക്കുന്നു. ഫ്രണ്ട് ഓഫീസ് ഡയറിയിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്.സ്വീകരിച്ച അപേക്ഷകളുടെ തീർപ്പാക്കൽ വിവരങ്ങൾ ഭാഗികമാണ്. മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ ബന്ധപ്പെട്ടവർ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.03.21 – 17.03.21 | 4/20 To 12/20 | ലഭ്യമായില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.08.18 – 11.9.18 | 2013-14 To 2017-18 | 08.05.2019 |

1-11 വസ്തുനികുതിയുടെ പരിധിയിലേക്ക് മുഴുവൻ കെട്ടിടങ്ങളേയും കൊണ്ടുവരുന്നില്ല

നോബിൾ/മോളമ്മ എന്നീ വ്യക്തികൾ 274ച.മിറ്റർ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിച്ചതിന് ശേഷം ടി കെട്ടിടത്തിന് നമ്പർ ലഭിക്കുന്നതിന് കെട്ടിട ഉടമകൾ അപേക്ഷ സമർപ്പിച്ചിരുന്നു. അതുപ്രകാരം പഞ്ചായത്തിലെ സാങ്കേതിക വിഭാഗം ടി കെട്ടിടം പരിശോധിച്ച് കെട്ടിടത്തിന്റെ വിസ്തീർണ്ണം 274ച.മിറ്ററാണെന്ന് സാക്ഷ്യപ്പെടുത്തിയതിയിരുന്നു. കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത് താഴെ പറയുന്ന പ്രകാരമാണ്

| വാർഡ് നമ്പർ/ കെട്ടിടനമ്പർ | ഉടമയുടെ പേര് | വിസ്തീർണ്ണം | ഉപയോഗക്രമം/ നിരക്ക് | നിശ്ചയിച്ച വസ്തുനികുതി |
|---|---|---|---|---|
| 15/828,829 | നോബിൾ/മോളമ്മ | 274ച.മി | വ്യവസായാവശ്യം- ഷെഡ് നിരക്ക്- 10/- രൂപ പേപ്പർ യൂണിറ്റ് | 3,166/- |

കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലത്ത് 337.25 ച.മിറ്റർ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ നിലവിൽ സ്ഥിതി ചെയ്യുന്നതായും മേൽ പറയുന്ന പുതിയതായി നിർമ്മിച്ച 274 ച.മിറ്റർ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ ഉൾപ്പെടെ 611.25 ച.മിറ്റർ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ സ്ഥലത്ത് സ്ഥിതിചെയ്യുന്നതായി ഉടമ സമർപ്പിച്ച പ്ലാനിലുണ്ട്. സാങ്കേതിക വിഭാഗം നടത്തിയ പരിശോധനയിൽ 611.25 ച.മിറ്റർ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ നിലവിൽ സ്ഥിതി ചെയ്യുന്നതായി സാക്ഷ്യപ്പെടുത്തുന്നു.നിലവിലുണ്ടായിരുന്ന ഈ കെട്ടിടങ്ങൾക്ക് പഞ്ചായത്ത് വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(എൻക്വയറി 4)സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ ഇത് സംബന്ധിച്ച് പരിശോധന നടത്തി വിവരം ഓഡിറ്റിൽ ലഭ്യമാക്കുമെന്നാണ്.ഈ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചത് സംബന്ധിച്ച രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-12 വസ്തുനികുതി പോസ്റ്റിംഗിൽ ക്രമക്കേടുകൾ - പഞ്ചായത്തുഫണ്ടിനു നഷ്ടം

വസ്തുനികുതി പിരിക്കുന്നതിലും സഞ്ചയ സോഫ്റ്റ് വെയറിൽ നികുതി വിവരം രേഖപ്പെടുത്തുന്നതിലും ക്രമക്കേടുകൾ നടത്തിയതുമൂലം വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിനു നഷ്ടമുണ്ടായിട്ടുള്ളതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. യഥാർത്ഥത്തിൽ നികുതി അടയ്ക്കാത്ത കെട്ടിടങ്ങളുടെ നികുതി അടച്ചതായി രേഖപ്പെടുത്തിയതാണ് ഇത്തരത്തിൽ നികുതി നഷ്ടമാകാൻ കാരണം. നികുതി പിരിവിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരും, മേൽനോട്ടച്ചുമതലയുള്ള സെക്രട്ടറി ഉൾപ്പെടെയുള്ള മേലുദ്യോഗസ്ഥരും ഇതിന് ഉത്തരവാദികളാണ്. നികുതി ഈടാക്കാതെ പോസ്റ്റിംഗ് മാത്രം നടത്തുകയും, ക്യാൻസൽ ചെയ്ത രസീത് നമ്പരുകൾ പോസ്റ്റ് ചെയ്ത് നികുതി ഈടാക്കിയതായും രേഖപ്പെടുത്തിയത് വഴി യഥാർത്ഥ നികുതി ഡിമാന്റിലും കളക്ഷനിലും ഉണ്ടായിട്ടുള്ള കുറവ് നികുതിപിരിവിനും ഒടുക്കിനും പരിശോധനയ്ക്ക് ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ വീഴ്ചയിന്മേൽ അന്വേഷണം ശുപാർശ ചെയ്യുന്നു. അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങളും രസീത് ബുക്കുകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എ) ഇല്ലാത്ത രസീത് നമ്പർ ഉപയോഗിച്ച് നികുതി പിരിച്ചതായി വ്യാജരേഖയുണ്ടാക്കി

സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തുനികുതി പോസ്റ്റിംഗ്പരിശോധിച്ചതിൽ, ഗ്രാമപ്പഞ്ചായത്തിൽ നിലവിലില്ലാത്ത രസീത്ബുക്കുകളിലെ രസീത് നമ്പരുകൾ ഉപയോഗിച്ച് വസ്തുനികുതി പോസ്റ്റ് ചെയ്തതായി കണ്ടെത്തി.രസീതു ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ഈ രസീത്ബുക്കുകൾ പഞ്ചായത്തിന്റെ സ്റ്റോക്കിൽ ഉൾപ്പെട്ടിട്ടുള്ളവയല്ല എന്ന് വ്യക്തമാകുന്നു.

| ക്രമ നമ്പർ | രസീത് നമ്പർ | പോസ്റ്റ് ചെയ്ത തീയതി | വാർഡ് നമ്പർ | കെട്ടിട നമ്പർ | പോസ്റ്റ് ചെയ്ത തുക (₹) |
|---|---|---|---|---|---|
| 1 | 1200151035/55 | 1/3/2021 | 7 | 165 | 1,413/- |
| 2 | 4554545/4 | 9/3/2021 | 4 | 584 | 239/- |
| 3 | 32343434/44 | 10/3/2021 | 11 | 325 | 24/- |
| 4 | 12121212 | 16/3/2021 | 4 | 70 | 105/- |
| 5 | 14545/1 | 16/3/2021 | 4 | 518 | 48/- |
| 6 | 23232323/32 | 31/3/2021 | 5 | 573 | 130/- |
| 7 | 34453434 | 31/3/2021 | 11 | 542 | 49/- |

ബി) ക്യാൻസൽ ചെയ്ത മാന്വൽ രസീതുകൾ ഉപയോഗിച്ച് വ്യാജമായി നികുതി പോസ്റ്റിംഗ് നടത്തി

2017-18 സാമ്പത്തിക വർഷം ഔട്ട് ഡോർ കളക്ഷനുവേണ്ടി ഉപയോഗിച്ച 24290 നമ്പർ രസീതുബുക്കിലെ 3നമ്പർ രസീത് ക്യാൻസൽ ചെയ്തതായിരുന്നു. ക്യാൻസൽ രസീതിന്റെ നമ്പർ ഉപയോഗിച്ച് വ്യക്തികളുടെ നികുതി അടവാക്കിയതായി വ്യാജരേഖയുണ്ടാക്കി നികുതി പോസ്റ്റിംഗ് നടത്തുകവഴി പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായി. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | രസീത്ബുക്ക് നമ്പർ | രസീത് നമ്പർ | വ്യാജമായി നികുതി പോസ്റ്റ് ചെയ്ത തീയതി | വാർഡ് നമ്പർ | കെട്ടിട നമ്പർ | പോസ്റ്റ് ചെയ്ത തുക (₹) |
|---|---|---|---|---|---|---|
| 1 | 24290 | 3 | 06/03/2021 | 1 | 27 | 40/- |

സി)ഒരിക്കൽ ഉപയോഗിച്ച രസീത് നമ്പർ വീണ്ടും ഉപയോഗിച്ച് സഞ്ചയയിൽ പോസ്റ്റിംഗ് നടത്തി

സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തുനികുതി പിരിവ് പോസ്റ്റ് ചെയ്തത് പരിശോധിച്ചതിൽ താഴെ പറയുന്ന രസീതുബുക്കുകളിലെ ഒരേ നമ്പർ രസീതുകൾ ഒന്നിലധികം കെട്ടിടങ്ങളുടെ വസ്തു നികുതി അക്കൗണ്ടിൽ പോസ്റ്റ് ചെയ്തതായി കാണുന്നു.

| ക്രമ | രസീത്ബുക്ക് | രസീത് | പോസ്റ്റ് ചെയ്ത | വാർഡ് | കെട്ടിട | പോസ്റ്റ് ചെയ്ത |
|---|---|---|---|---|---|---|

| നമ്പർ | നമ്പർ | നമ്പർ | തീയതി | നമ്പർ | നമ്പർ | തുക (₹) |
|---|---|---|---|---|---|---|
| 1 | 24279 | 48 | 5/2/2021 | 7 | 136 | 81 |
| 2 | 24279 | 48 | 5/2/2021 | 7 | 283 | 81 |

ഒരിക്കൽ ഉപയോഗിച്ച രസീത് നമ്പർ വീണ്ടും ഉപയോഗിച്ച് സഞ്ചയയിൽ പോസ്റ്റിംഗ് നടത്തി

സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തുനികുതി പിരിവ് പോസ്റ്റ് ചെയ്തത് പരിശോധിച്ചതിൽ താഴെ പറയുന്ന രസീതുബുക്കുകളിലെ ഒരേ നമ്പർ രസീതുകൾ ഒന്നിലധികം കെട്ടിടങ്ങളുടെ വസ്തു നികുതി അക്കൗണ്ടിൽ പോസ്റ്റ് ചെയ്തതായി കാണുന്നു.

| ക്രമ നമ്പർ | രസീത് നമ്പർ | പോസ്റ്റ് ചെയ്ത തീയതി | വാർഡ് നമ്പർ | കെട്ടിട നമ്പർ | പോസ്റ്റ് ചെയ്ത തുക (₹) |
|---|---|---|---|---|---|
| 1 | 28256/48 | 31/3/2021 | 3 | 628 | 206 |
| 2 | 24290/63 | 20/3/2021 | 7 | 79 | 79 |

ഇത് സംബന്ധിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി 1/2020-21 )സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ തെറ്റായി പോസ്റ്റ് ചെയ്ത രസീതുകൾ ക്യാൻസൽ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു. മേൽ പറഞ്ഞ രീതിയിൽ നടത്തിയ മുഴുവൻ പോസ്റ്റിംഗുകളും ക്യാൻസൽ ചെയ്ത് രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. നികുതി പിരിവിനും നികുതി പോസ്റ്റിംഗിനും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരും മേൽനോട്ടച്ചുമതലകളുള്ള ഉദ്യോഗസ്ഥരും ഇത്തരം അപാകതകൾക്ക് ഒരുപോലെ ബാധ്യസ്ഥരാണ്.

1-13 നിലവിലില്ലാത്ത ഓഡിനറി ബൾബുകൾക്ക് കറന്റ് ചാർജ് നൽകുന്നു

പൂയപ്പള്ളി ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ രേഖകൾ കൈകാര്യം ചെയ്യുന്ന രജിസ്റ്റർ പരിശോധിച്ചപ്പോൾ പഞ്ചായത്തിൽ നിലവിൽ ഉപയോഗത്തിലില്ലാത്ത ഓർഡിനറി ബൾബുകൾക്കും കറന്റ് ചാർജ് നൽകി വരുന്നതായി കെ.എസ്സ്.ഇ.ബി. നൽകിയിരിക്കുന്ന സ്റ്റേറ്റ്മെന്റ് പ്രകാരം വ്യക്തമാകുന്നു.

കെ.എസ്.ഇ.ബി.യുടെ ഇലക്ട്രിക്കൽ സെക്ഷൻ വെളിയം 21.12.2020-ൽ നൽകിയ 57/2020(AE /Audit/2020-21) നമ്പർ കത്ത് പ്രകാരം നിലവിൽ നൽകികൊണ്ടിരിക്കുന്ന 1145846002042-ാം നമ്പർ കൺസ്യൂമർ നമ്പറായുള്ള ബില്ലിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| തെരുവു വിളക്കിന്റെ ഇനം | എണ്ണം | പ്രകാശിക്കുന്ന സമയം |
|---|---|---|
| സി.എഫ്.എൽ. ആട്ടോമാറ്റിക് ഓൺ/ഓഫ് സി.എഫ്.എൽ 1 X 30 | 148 | 12 മണിക്കൂർ |
| സി.എഫ്.എൽ. ആട്ടോമാറ്റിക് ഓൺ/ഓഫ് സി.എഫ്.എൽ 2x 11 | 483 | 12 മണിക്കൂർ |
| എൽ.ഇ.ഡി 1x18 | 162 | 12 മണിക്കൂർ |
| എൽ.ഇ.ഡി 1x24 | 90 | 12 മണിക്കൂർ |
| എൽ.ഇ.ഡി 1x40 | 10 | 12 മണിക്കൂർ |
| ഫ്ലൂറസെന്റ് ട്യൂബ് 2 X 40 | 169 | 12 മണിക്കൂർ |
| ഫ്ലൂറസെന്റ് ട്യൂബ് 1 X 40 | 54 | 12 മണിക്കൂർ |
| ഓർഡിനറി 1 X 100 | 4 | 12 മണിക്കൂർ |
| ഓർഡിനറി 1 X 60 | 79 | 12 മണിക്കൂർ |

| | | |
|---|---|---|
| ഓർഡിനറി 1 X 40 | 903 | 12 മണിക്കൂർ |

മേൽ റിപ്പോർട്ട് പ്രകാരം 986സാധാരണ ബൾബുകൾ ഉപയോഗിക്കുന്നതായി കണക്കാക്കി പ്രതിമാസം ഭീമമായ തുക കെ.എസ്.ഇ.ബിയ്ക്ക് നല്കുന്നുണ്ട്. എന്നാൽ നിലവിൽ സാധാരണ ബൾബുകൾ ഒന്നും പഞ്ചായത്തിൽ ഉപയോഗിക്കുന്നില്ല എന്നും തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങുന്നതിൽ ഇത്തരം ബൾബുകൾ ഉൾപ്പെട്ടിട്ടില്ല എന്നുമാണ് മേൽ വിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുള്ളത്. ഇതിൽ നിന്നും കെ.എസ്.ഇ.ബി. നിലവിൽ ഇല്ലാത്തതും/ ഉപയോഗിക്കാത്തതുമായ ഓർഡിനറി ബൾബുകൾക്ക് കറന്റ് ചാർജ് ഈടാക്കികൊണ്ടിരിക്കുകയാണ് എന്ന് വ്യക്തമാക്കുന്നു.

ഇല്ലാത്ത 986 ഓർഡിനറി ബൾബുകൾക്ക് നിലവിൽ കറന്റ് ചാർജ് ഒടുക്കിവരുന്നു. ആയതിനാൽ കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും നാളിതുവരെ അധികമായി നൽകിയ കറന്റ് ചാർജ് തുക എത്രയാണെന്ന് തിട്ടപ്പെടുത്തി വരും മാസങ്ങളിലെ ബില്ലുകളിൽ ക്രമീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. പഞ്ചായത്ത് കൈകൊള്ളുന്ന നടപടികളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

1-14 സ്മാർട്ട് അംഗനവാടികൾ - ടെണ്ടർ നടപടികൾ കൂടാതെ സാധനങ്ങൾ വാങ്ങി

2020-2021 സാമ്പത്തിക വർഷത്തിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി മെയിന്റനൻസ് (റോഡിതരം) ഫണ്ടിനത്തിൽ 2,50,000/- രൂപ അടങ്കൽ നിശ്ചയിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് സ്മാർട്ട് അംഗനവാടികൾ (പ്രോജക്ട് നമ്പർ.76/20-21). ഈ പദ്ധതി പ്രകാരം ഒന്നാം വാർഡിലെ 146-ാം നമ്പർ അംഗൻവാടി സ്മാർട്ട് അംഗൻവാടിയാക്കുന്നതിലേക്കായി സാധനങ്ങൾ വാങ്ങിയ ഇനത്തിൽ Artco യ്ക്ക് 2,50,000/- രൂപ നൽകിയിട്ടുണ്ട്. (ബിൽ നമ്പർ 5/20-21, 30-03-21-2,00,000/-, 6/20-21, 30-03-21-50,000/-). പ്രസ്തുത പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് പ്രകാരം ടെണ്ടർ നടപടിയിലൂടെ പദ്ധതി നിർവഹിക്കണമെന്നിരിക്കെ Artco യിൽ നിന്ന് ടെണ്ടർ നടപടികൾ കൂടാതെ നേരിട്ടാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്.

2. Artcoയെ നിർവഹണ ഏജൻസിയായി അംഗീകരിച്ചത് സംബന്ധിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. സ്മാർട്ട് അംഗനവാടിയുടെ Requirement, അവയുടെ Specification എന്നിവ സംബന്ധിച്ച യാതൊരു വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. പദ്ധതി പൂർത്തീകരണം സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5. സ്മാർട്ട് അംഗനവാടികളുടെ നവീകരണ പ്രവർത്തനം നടത്തുന്നതിനുള്ള സർക്കാർ അംഗീകൃത അക്രിഡിറ്റഡ് ഏജൻസിയായ ARTCO യെ അംഗൻവാടികളുടെ ഇന്റീരിയർ വർക്കുകൾ ടെണ്ടർ കൂടാതെ ഏൽപ്പിക്കുന്നതിന് 30/03/21ലെ സ.ഉ (സാധാ) നം 819/2021/ത.സ്വ.ഭ.വ ഉത്തരവു പ്രകാരം അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ നോഡൽ ഏജൻസിയാക്കണമെന്ന ആവശ്യം അംഗീകരിച്ചിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ 30/03/21 ലെ സ.ഉ (സാധാ) നം 819/2021/ത.സ്വ.ഭ.വ. ഉത്തരവു പ്രകാരം ARTCO യെ നോഡൽ ഏജൻസിയായി അംഗീകരിച്ചിട്ടുണ്ടെന്നാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ മേൽ ഉത്തരവു പ്രകാരം ARTCO യെ അംഗൻവാടികളുടെ ഇന്റീരിയർ വർക്കുകൾ ടെണ്ടർ കൂടാതെ ഏൽപ്പിക്കുന്നതിന് മാത്രമാണ്

അനുവാദം നൽകിയിട്ടുള്ളത്. ആയതിനാൽ ഈ മറുപടി അംഗീകരിക്കുന്നില്ല. അംഗനവാടികളെ സ്മാർട്ട് അംഗനവാടികളാക്കി മാറ്റുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങളും ഫർണിഷിംഗ് പ്രവർത്തനങ്ങളും സർക്കാർ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി നിർവഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-15 ക്ഷീര സംഘത്തിൽ നൽകുന്ന പാലിന്റെ അളവിനെ ആധാരമാക്കി സബ്സിഡി നൽകണമെന്നിരിക്കെ ഗുണഭോക്താവിന് രേഖപ്പെടുത്തിയ പാലിന്റെ അളവിനേക്കാൾ അധികമായിസബ്സിഡി നൽകിയതിലൂടെ 58860/- രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും നഷ്ടമായി.

ഡയറി ഫാം ഇൻസ്ട്രക്ടർ 2020-21 സാമ്പത്തിക വർഷത്തിൽ നിർവഹണം നടത്തിയ ക്ഷീര സംഘങ്ങളിൽ അളക്കുന്ന പാലിന് സബ്സിഡി എന്ന പ്രോജക്ടിൽ (പ്രോ നം. 53/19-20) ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ക്ഷീരകർഷകർ ക്ഷീര സഹകരണ സംഘങ്ങളിൽ നൽകുന്ന പാലിന്റെ അളവിനെ അടിസ്ഥാനമാക്കി സബ്സിഡി നൽകുന്നതിനാണ് ലക്ഷ്യമാക്കിയിരുന്നത്. സ്പിൽഓവറായി നടപ്പിലാക്കിയ മേൽ പദ്ധതിയുടെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ/തീയതി | തുക (₹) |
|---|---|
| 1/20-21, 19.05.20 | 66,872/- |
| 2/20-21, 19.05.20 | 1,33,128/- |
| ആകെ | 2,00,000/- |

എന്നാൽ വെളിയം പടിഞ്ഞാറ്, മരുതമൺപള്ളി എന്നിവിടങ്ങളിലെ ക്ഷീര സഹകരണ സംഘങ്ങളിൽ നൽകിയ പാലിന്റെ അളവിനേക്കാൾ അധികമായി സബ്സിഡി നൽകിയതായി സബ്സിഡിക്കായി കണക്കാക്കിയ പാലിന്റെ അളവ് സ്റ്റേറ്റ്മെന്റും പ്രസ്തുത സംഘത്തിൽനിന്ന് ഹാജരാക്കിയ പ്രതിമാസ സ്റ്റേറ്റ്മെന്റും പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

വെളിയം പടിഞ്ഞാറ് ക്ഷീര സഹകരണ സംഘം

| ഗുണഭോക്താവിന്റെ പേരും അക്കൗണ്ട് നമ്പരും | ഏപ്രിൽ പാലളവ് | മേയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | ആകെ (₹) | നൽകേണ്ട സബ്സിഡി (₹) | നൽകിയ സബ്സിഡി (₹) | അധികം നൽകിയ തുക (₹) |
|---|---|---|---|---|---|---|---|---|---|---|---|---|---|
| രാധാമണി 4214101001258 | - | - | 68 | 66 | 230 | 249 | 258 | 175 | 8 | 1054 | 3,162/- (1054x3) | 3,345/- | 183/- |
| ശിവദാസൻ 57019862687 | 98 | 577 | 697 | 655 | 568 | 303 | 247 | 200 | 189 | 3534 | 10,602/- (3534x3) | 10,785/- | 183/- |
| രുഗ്മിണി 57019903884 | 134 | 82 | - | - | 296 | 320 | 361 | 283 | 207 | 1683 | 5,049/- (1683x3) | 5,392/- | 343/- |
| ജഗദമ്മ 2681101002475 | 89 | 35 | - | - | - | - | - | - | - | 124 | 372/- (124x3) | 2,561/- | 2,189/- |
| ദിനേശൻ 6701201929 | 194 | 632 | 860 | 913 | 737 | 677 | 614 | 330 | 3 | 4960 | 14,880/- (4960x3) | 16,432/- | 1,552/- |
| ഉപേന്ദ്രൻ 67095675136 | 3 | - | - | - | 48 | 329 | 493 | 454 | 365 | 1692 | 5,076/- | 5,257/- | 181/- |
| | | | | | | | | | | | | | ആകെ 4,631/- |

മരുതമൺപള്ളി ക്ഷീര സഹകരണ സംഘം

| ഉണഭോക്താവിന്റെ പേരും അക്കൗണ്ട് നമ്പരും | ഏപ്രിൽ പാലളവ് | മേയ് | ജൂൺ | ജൂലൈ | ആഗസ്റ്റ് | ആകെ | നൽകേണ്ട സബ്സിഡി (₹) | നൽകിയ സബ്സിഡി (₹) | അധികം നൽകിയ തുക (₹) |
|---|---|---|---|---|---|---|---|---|---|
| രാജൻകുട്ടി 67090016314 | 64 | 85 | 92 | 166 | 117 | 524 | 1,572/- (524x3) | 3,792/- | 2,220/- |
| അലക്സ് മാത്യു 33036303817 | 421 | 298 | 229 | 229 | 553 | 1730 | 5,190/- (1730x3) | 6,000/- | 810/- |
| ഗീവർഗ്ഗീസ് ജോൺ 57019950530 | 79 | 85 | 58 | 60 | 43 | 325 | 975/- (325x3) | 4,985/- | 4,010/- |
| സുന്ദരേശൻ 67339163599 | 109 | 27 | 41 | 64 | 228 | 469 | 1,407/- (469x3) | 3,311/- | 1,904/- |
| മറിയാമ്മ ഗോഡ്വിൻ 4214101000186 | 111 | 85 | 94 | 46 | 36 | 372 | 1,160/- (372x3) | 2,276/- | 1,160/- |
| ജയപ്രസാദ് 4214101000551 | 176 | 184 | 501 | 285 | 229 | 1375 | 4,125/- (1375x3) | 5,837/- | 1,712/- |
| രവീന്ദ്രൻ നായർ 67136501154 | 144 | 135 | 175 | 147 | 155 | 756 | 2,268/- (756x3) | 3,120/- | 852/- |
| സദാശിവൻപിള്ള 57019946909 | 127 | 119 | 158 | 139 | 197 | 740 | 2,220/- (740x3) | 6,324/- | 4,104/- |
| ശശിധരൻ 67072152690 | 271 | 484 | 581 | 311 | - | 1647 | 4,941/- (1647x3) | 10,651/- | 5,710/- |
| ഗോമതിയമ്മ 4214101002345 | 272 | 187 | 162 | 139 | 289 | 1049 | 3,147/- (1049x3) | 8,303/- | 5,156/- |
| ജോസ് കെ. ഏലിയാസ് ജോസ് 10840100123543 | - | - | - | - | 153 | 153 | 459/- (153x3) | 1,544/- | 1,085/- |
| ഗീവർഗ്ഗീസ് 10840100178679 | 79 | 85 | 58 | 60 | 43 | 325 | 975/- (325x3) | 1,443/- | 468/- |
| പുഷ്പാംഗതൻ 57019861480 | - | 39 | 97 | 110 | 57 | 303 | 909/- (303x3) | 2,069/- | 1,160/- |
| കുഞ്ഞുമോൾ 67387481221 | 347 | 183 | 260 | 157 | 28 | 975 | 2,925/- (975x3) | 5,877/- | 2,952/- |
| ആശാറായ് 67253201699 | 101 | 131 | 140 | 195 | 155 | 722 | 2,166/- (722x3) | 2,548/- | 382/- |
| വിജയകുമാർ 2035010005870 | - | - | - | 165 | 221 | 386 | 1,158/- (386x3) | 2,582/- | 1,424/- |
| റിനതോമസ് 4214101000355 | 176 | 177 | 159 | 234 | 165 | 911 | 2,733/- (922x3) | 3,357/- | 624/- |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ആലീസ് ബാബു 57019902994 | - | - | - | - | 74 | 74 | 222/- (74x3) | 1,314/- | 1,092/- |
| വർഗ്ഗീസ് കുര്യൻ 57019887920 | 176 | 121 | 121 | 93 | 38 | 549 | 1,647/- (549x3) | 7,449/- | 5,802/- |
| ജോൺ.കെ.പി 57019733581 | - | - | - | - | 436 | 436 | 1,308/- (436x3) | 7,136/- | 5,828/- |
